E 175165 MZ/1192/2025

മ്യൂസിയം മൃഗശാല വകുപ്പ്
ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി :29-12-2025

## ക്വട്ടേഷൻ നോട്ടീസ്

മ്യൂസിയം മൃഗശാല വകുപ്പിലെ ജീവനക്കാർക്കും, സന്ദർശകർക്കും ഭക്ഷണ സാധനങ്ങൾ നൽകുന്നതിന് കരാർ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷത്തേക്ക് ക്യാന്റീൻ പ്രവർത്തിപ്പിക്കുന്നതിന് സാമ്പത്തിക ശേഷിയും മുൻ പരിചയവും ഉള്ള വ്യക്തികൾ നിന്നും/ സംഘടനകളിൽ നിന്നും മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ജീവനക്കാർക്കും, സന്ദർശകർക്കും വെവ്വേറെ നിരക്കുകളിലാണ് ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യേണ്ടത്. ഓരോ ഇനം ഭക്ഷണ സാധനത്തിനും ജീവനക്കാർക്ക് നൽകുന്ന വില പ്രത്യേകം കാണിക്കേണ്ടതാണ്. ക്വട്ടേഷനിൽ വില രേഖപ്പെടുത്താത്ത ഇനങ്ങൾ വിൽക്കുന്നതിന് മ്യൂസിയം മൃഗശാല ഡയറക്ടറിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിന് പുറത്തു "**ക്യാന്റീൻ നടത്തിപ്പവകാശം ക്വട്ടേഷൻ**" എന്ന് രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനുകൾ **12/01/2026 തീയതി ഉച്ചയ്ക്ക് 3 മണിക്ക്** മുൻപായി മ്യൂസിയം മൃഗശാല ഡയറക്ടറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല . ക്വട്ടേഷനുകൾ **അന്നേ ദിവസം 3.30 മണിക്ക്** ക്വട്ടേഷനുകൾ സമർപ്പിച്ചവരുടെയോ, അവർ രേഖാമൂലം ചുമതലപ്പെടുത്തിയവരുടെയോ സാന്നിധ്യത്തിൽ പരസ്യമായി തുറക്കുന്നതും, ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന ക്വട്ടേഷണർക്കു ക്വട്ടേഷൻ ഉറപ്പിച്ച് നൽകുന്നതുമാണ്. ക്വട്ടേഷനോടൊപ്പം **ഒരു ലക്ഷം** രൂപയുടെ സോൾവെൻസി സാക്ഷ്യപത്രമോ, ബാങ്ക് സ്ഥിര നിക്ഷേപ രശീതിയോ ഹാജരാക്കേണ്ടതാണ്. ഏതെങ്കിലും സർക്കാർ സ്ഥാപനത്തിൽ ക്യാന്റീൻ പ്രവർത്തിപ്പിച്ച് പ്രവർത്തന പരിചയമുള്ളവർക്ക് മുൻഗണന ലഭിക്കുന്നതാണ്. ആയത് തെളിയിക്കുന്നതിനുള്ള പരിചയ സാക്ഷ്യപത്രവും സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനോടൊപ്പം ഒരു തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. കരാർ ഉറപ്പിച്ചു കിട്ടുന്ന കരാറുകാരൻ നിശ്ചിത ദിവസം തന്നെ ക്യാന്റീൻ പ്രവർത്തനം ആരംഭിക്കേണ്ടതും അതിനു മുൻപായി 75000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് വെയ്ക്കേണ്ടതും കൂടാതെ 200/-രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റ് വെയ്ക്കേണ്ടതുമാണ്. വൈദ്യുതി ചാർജ്ജ്, വെള്ളക്കരം തുടങ്ങിയവ കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ് .ക്വട്ടേഷൻ മാറ്റി വെയ്ക്കുന്നതിനുള്ള അധികാരം വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. നിരക്ക് രേഖപ്പെടുത്തേണ്ട ഭക്ഷണ സാധനങ്ങളുടെ വിവരങ്ങളും അളവും മറ്റു നിബന്ധനകളും മ്യൂസിയം മൃഗശാല ഡയറക്ടറുടെ ഓഫീസിൽ നിന്നും പ്രവർത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്. ഗ്രീൻ പ്രോട്ടോകോൾ അനുസരിച്ച് പ്ലാസ്റ്റിക് പോളിത്തീൻ കവറുകളിൽ പാക്ക് ചെയ്ത ഭക്ഷണ സാധനങ്ങൾ യാതൊരു കാരണവശാലും

ക്യാന്റീനിൽ അനുവദിക്കുന്നതല്ല. കൂടാതെ സർക്കാർ ദർഘാസുകൾക്കുള്ള എല്ലാ നിബന്ധനകളും ഇതിനു ബാധകമായിരിക്കുന്നതാണ്. ക്യാന്റീനിൽ വിതരണം ചെയ്യേണ്ട ഭക്ഷണ സാധനങ്ങളുടെ ലിസ്റ്റ് ഓഫീസിൽ നിന്നും പ്രവർത്തി സമയങ്ങളിൽ ലഭിക്കുന്നതാണ് .

ഡയറക്ടർ

Signed by
Manjuladevi P S
Date: 29-12-2025 16:54:21